## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3433 — 25.06.2012 - ൽ മറുപടിക്ക്

### മെട്ടമ്മലിലെ റജിലേഷിന്റെ മരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വിവിധ ഭാഗങ്ങളിൽ ഉണ്ടായ വർഗ്ഗീയ സംഘർഷങ്ങൾ അമർച്ച ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) അക്രമ സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കാതിരിക്കാനും സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) തൃക്കരിപ്പൂർ മെട്ടമ്മലിലെ റജിലേഷിന്റെ മരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര പേരെയാണ് അറസ്റ്റ് ചെയ്തതെന്ന് വ്യക്തമാക്കാമോ ? | (ബി) തൃക്കരിപ്പൂർ മെട്ടമ്മലിലെ റജിലേഷിന്റെ മരണവുമായി ബന്ധപ്പെട്ട് ചന്ദേര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 242/12 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലെ 8 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. |

Joseph

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ഒരു ഡി.വൈ.എസ്.പി. യുടെയും ഇൻസ്പെക്ടർമാരുടെയും കീഴിൽ മുഴുവൻ സമയവും പ്രവർത്തന സജ്ജമായ കൺട്രോൾ റൂമുകൾ കാസർഗോട്ടും കാഞ്ഞങ്ങാട്ടും പ്രവർത്തിച്ചു വരുന്നു.

2. പ്രശ്നബാധിത പ്രദേശങ്ങളിൽ വയർലെസ് സംവിധാനത്തോടു കൂടിയ 10 ജീപ്പ്, 14 ബൈക്ക് പട്രോളിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

3. വർഗ്ഗീയ അസ്വസ്ഥ പ്രദേശങ്ങൾ തരം തിരിച്ച് ടി സ്ഥലങ്ങളിലെ ആരാധനാലയങ്ങൾ, മതപരവും രാഷ്ട്രീയവുമായി വേർതിരിഞ്ഞ് രൂപപ്പെടുത്തിയ സംഘടനകളുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ ഓരോ 15 മിനിട്ടിലും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നു.

4. പ്രശ്ന ബാധിത പ്രദേശങ്ങളുടെ പ്രഭവ കേന്ദ്രമെന്ന് കരുതുന്ന സ്ഥലങ്ങളിൽ QRT (Quick Response Team) യുടെ Striking Force നെ വിന്യസിച്ച് സ്ഥിതിഗതികളുടെ വിവരമനുസരിച്ച് അതിവേഗ പോലീസ് നടപടി സ്വീകരിച്ചു വരുന്നു.

5. അസ്വസ്ഥ ബാധിത പ്രദേശങ്ങളിൽ അടിക്കടിയുള്ള നിരീക്ഷണവും ആവശ്യമെങ്കിൽ പോലീസ് പിക്കറ്റ്, പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

6. അസമയങ്ങളിലെ വാഹന ഗതാഗതത്തെ സൂക്ഷ്മ നിരീക്ഷണവും പരിശോധനയും നടത്തി വരുന്നു.

7. ഭൂമാഫിയ-മണൽ മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

8. KAAPA Act പ്രകാരമുള്ള നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

9. വർഗ്ഗീയ സ്വഭാവമുള്ള ക്രിമിനൽ സ്വഭാവമുള്ളവരുമായ വ്യക്തികളുടെ വിവരം ശേഖരിച്ച് നിരീക്ഷണം നടത്തി വരുന്നു.

10. നിയമ നടപടികളിൽ നിന്ന് ഒളിച്ചു കഴിയുന്ന പ്രതികളെ കണ്ടെത്താൻ പ്രസ്തുത കേസുകളിൽ ഊർജിത അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11. മതസൗഹാർദ്ദം നിലനിർത്താൻ വേണ്ടി വിദ്യാർത്ഥികൾ, യുവജനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാസർഗോട് ജില്ലാ പോലീസ് **പൊൻപുലരി** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

12. സദാചാര പോലീസ് ചമയൽ പോലെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

13. അക്രമ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സുരക്ഷാ ക്യാമറകൾ സ്ഥാപിച്ച് പ്രത്യേകം നിരീക്ഷിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

14. കാസർഗോഡ് ജില്ലയിലെ പല വർഗ്ഗീയ ആക്രമണങ്ങളും നടത്തിയിരിക്കുന്നത് മൂന്നുപേർ വീതം രജിസ്ട്രേഷൻ ഇല്ലാത്ത ബൈക്കുകളിൽ സഞ്ചരിച്ചായതിനാൽ അത്തരത്തിൽ സഞ്ചരിക്കുന്ന ബൈക്കുയാത്രക്കാരെ കർശനമായി പരിശോധിച്ചും നിയന്ത്രിച്ചും വരുന്നു.

15. എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി മാതൃകാ പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നതിനും അഭിപ്രായ സമന്വയം ഉണ്ടാക്കുവാനും നടപടി സ്വീകരിച്ചു വരുന്നു.

16. അക്രമ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സമർത്ഥരും പ്രാവീണ്യം തെളിയിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

17. മതസൗഹാർദ്ദ അവലോകന യോഗങ്ങൾ സർവ്വമത നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് സമയാസമയം നടത്തുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

18. മതസൗഹാർദ്ദത്തിന് ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിങ്ങുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ എന്നിവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

19. സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു.

20. സാമുദായിക അടിസ്ഥാനത്തിലുള്ള സ്പോർട്സ് ടൂർണ്ണമെന്റുകൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചു.

21. റാലികളിലും മറ്റും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കുന്നത് തടയുന്നതിനും ഇത്തരത്തിൽ മുദ്രാവാക്യം മുഴക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

22. ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി കർശനമാക്കിയിട്ടുണ്ട്.

23. കാസർഗോഡ് ജില്ലയ്ക്കായി നിലവിലെ അംഗസംഖ്യയും വാഹനവും വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ഒരു "Kasaragod Special Package for Police" എന്ന പേരിലുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

Josephilk
സെക്ഷൻ ഓഫീസർ